# *സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം*

***സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ***
***(ഹാജർ: ശ്രീമതി അനുപമ ടി.വി., ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)***

**വിഷയം:-** വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - കൊല്ലം റയാൻ എന്ന കുട്ടിക്ക് **ബാലനിധി ധനസഹായം ഉത്തരവാകുന്നത് - സംബന്ധിച്ച്.**

**പരാമർശം:- 1) കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ ഡി.സി.പി.യു/കെ.എൽ.എം/IC/590/2020 തീയതി 11/12/2020.**

=======================================================================================

## *ഉത്തരവ് നമ്പർ:* ICPS-4(A)/3622/2020 *തീയതി:13.01.2021*

=======================================================================================

കൊല്ലം ജില്ലയിൽ കൊട്ടിയം മൈലപ്പൂർ ,കാഞ്ഞിരംവിള വീട്ടിൽ രജീഷ്-ഫാത്തിമ എന്നീ ദമ്പതികളുടെ മകനായ റയാൻ ന് PONTINE CAVERNOMA എന്ന അസുഖം ബാധിച്ച് അവശത അനുഭവിക്കുന്നതായും,കുട്ടി നിലവിൽ തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിലവിൽ ചികിത്സയിലാണ്. കുട്ടിക്ക് അടിയന്തിരമായി CRANIOTOMY FOR LESION INVOLVING,THE BRAIN STEM OPERATION ചെയ്യണം എന്നും അതിനായി 3,90,000/- രൂപ ചിലവ് വരുമെന്നും,എന്നാൽ കുട്ടിയുടെ കുടുംബത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം കുട്ടിയുടെ ചികിത്സയും, ഓപ്പറേഷനും സാധ്യമാകാത്ത സാഹചര്യം ആയതിനാൽ കുട്ടിയെ ബാലനിധിയിൽ ഉൾപ്പെടുത്തി പരമാവധി അനുവദിക്കാവുന്ന തുകയായ 2,00,000/- അനുവദിച്ച് നൽകണമെന്ന് തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം അറിയിച്ചിട്ടുള്ളതുമാകുന്നു

ഈ സാഹചര്യത്തിൽ **ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള** കൊല്ലം ജില്ലയിൽ കൊട്ടിയം മൈലപ്പൂർ ,കാഞ്ഞിരംവിള വീട്ടിൽ രജീഷ്-ഫാത്തിമ ദമ്പതികളുടെ മകനായ റയാൻ ന് കുടുംബത്തിൻറെ നിലവിലെ സാഹചര്യം പരിഗണിച്ച് ചികിത്സാ

ധനസഹായമായി ആകെ 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടി തുക 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) കൊല്ലം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകാവുന്നതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി കൊല്ലം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷകർത്താവിൻറെയോ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

**ജില്ലാ** വനിത ശിശു വികസന **ഓഫീസർ,**
**കൊല്ലം**

(ഒപ്പ്)
*വനിതാ ശിശു വികസന ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)*

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT

പകർപ്പ്

1. ജില്ല ശിശു സംരക്ഷണ ഓഫീസർ,കൊല്ലം
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്